# വിലക്കയറ്റം ആരാണ് പ്രതി?

>> മുഹമ്മദ് പാലത്ത്


▪ പ്രണബ് മുഖർജി

**ദിവസങ്ങൾക്ക്** മുമ്പ് മാധ്യമ പ്രവർത്തകരുമായി സംസാരിക്കവെ വിലക്കയറ്റവുമായി ബന്ധപ്പെട്ട ചോദ്യത്തിന് മറുപടിയായി പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് ഒരു കാര്യം സമ്മതിച്ചു. വിലക്കയറ്റത്തെ സ്വാധീനിക്കുന്ന ചില ഘടകങ്ങൾ സർക്കാറിന്റെ നിയന്ത്രണ പരിധിക്ക് പുറത്താണ് എന്നായിരുന്നു അത്. പ്രധാനമന്ത്രി പറഞ്ഞിടത്തുതന്നെയാണ് കാര്യങ്ങളുടെ കിടപ്പ്. ഇന്ത്യയിലെ മുഴുവൻ ജനതയെയും ബാധിക്കുന്ന സുപ്രധാന വിഷയത്തിൽ ഭരണകൂടം നിസ്സഹായരാണ്.

സാമ്പത്തിക ശാസ്ത്ര നിയമങ്ങൾ പ്രകാരം സാധനങ്ങളുടെ വിലനിർണയിക്കുന്ന പ്രധാന ഘടകങ്ങൾ ചോദനവും (Demand) പ്രദാനവു(Supply)മാണ്. അടുത്ത കാലത്തായി വില വർധിച്ചുകൊണ്ടേയിരിക്കുന്നതിന് കാരണം ഇവയിലുണ്ടാവുന്ന മാറ്റമാണ് എന്ന് കരുതാൻ ന്യായമില്ല. കാരണം ഉൽപാദനത്തിൽ 100 ഇരട്ടിയെങ്കിലും വർധന സ്വാതന്ത്ര്യാനന്തര ഭാരതത്തിലുണ്ടായിട്ടുണ്ട്. ജനസംഖ്യാ വർധന നാലിരിട്ടി മാത്രമാണ്. ജനങ്ങളുടെ വരുമാന വർധന നിമിത്തം ഡിമാന്റ് കൂടി എന്ന് കരുതിയാലും അതിലും കൂടുതൽ ഉൽപാദനം വർധിച്ചിരി

ക്കുന്നു. മൊത്ത ആഭ്യന്തര ഉൽപന്നത്തിന്റെ കണക്കുകൾ ഇത് വ്യക്തമാക്കുന്നു. ഭക്ഷ്യ ധാന്യങ്ങളുടെ ഉൽപാദനം മാത്രം 2008-'09ൽ 234.47 മില്യൻ ടൺ ആയിരുന്നു.

| മൊത്ത ആഭ്യന്തര ഉൽപന്നം വിവിധ വർഷങ്ങളിൽ | | | | | | |
|---|---|---|---|---|---|---|
| വർഷം | 1950 | 1960 | 1980 | 1990 | 2000 | 2005 |
| ജി.ഡി.പി | 100850 | 174070 | 1380334 | 5542706 | 20791898 | 34195278 |

ഉൽപാദനത്തിലുണ്ടായ കുറവല്ല വില വർധനക്ക് സ്ഥിരമായ കാരണമെന്ന് വ്യക്തം. അങ്ങനെ വില വർധിക്കുന്നുവെങ്കിൽ തന്നെ അത് താൽക്കാലിക പ്രതിഭാസം മാത്രമായിരിക്കും. വെള്ളപ്പൊക്കവും വരൾച്ചയും വിളവെടുപ്പിനെ ബാധിക്കുമ്പോൾ പച്ചക്കറികളുടെയും പഴങ്ങളുടെയും വില താൽക്കാലികമായി ഉയരാറുണ്ട്. വൈകാതെ പൂർവ സ്ഥിതിയിലെത്താറുമുണ്ട്. എന്നാൽ വർഷം തോറും വില നിശ്ചിത അളവിൽ വർധിച്ചുകൊണ്ടേയിരിക്കുന്നതായാണ് കാണാൻ കഴിയുന്നത്. 2000ത്തെ അടിസ്ഥാന വർഷമായെടുത്ത ഇന്ത്യയുടെ വില വർധനാ സൂചിക ഇത് തെളിയിക്കുന്നു.

| വില വർധന സൂചിക | | | | |
|---|---|---|---|---|
| വർഷം | 1980 | 1990 | 2000 | 2005 |
| വില സൂചിക രൂപയിൽ | 18 | 42 | 100 | 121 |

1980-ൽ 18 രൂപ വിലയുള്ള ചരക്കിന് 1990-ൽ 42-ഉം 2000-ത്തിൽ 100-ഉം 2005-ൽ 121-ഉം രൂപയാണ് വില. വില വർധനാ സൂചിക ഇനിയും മുകളിലേക്കല്ലാതെ താഴേക്ക് വരാൻ തരമില്ല. സ്ഥിരമായി വില വർധിക്കുന്നതിന്റെ കാരണം അന്വേഷിക്കുമ്പോഴാണ് വില നിർണയത്തിന്റെ പിന്നിലെ ചരടുകൾ വ്യക്തമാവുക. പണപ്പെരുപ്പം, പൂഴ്ത്തിവെപ്പ്, ഊഹക്കച്ചവടം, കരിഞ്ചന്ത, കുത്തകവത്കരണം, സമാന്തര സമ്പദ്വ്യവസ്ഥ, വർധിക്കുന്ന അഴിമതി തുടങ്ങിയ മാറാവ്യാധികളാണ് സമ്പദ് വ്യവസ്ഥകളെ നിയന്ത്രിക്കുന്നത് എന്നതാണ് ഇവിടെ പ്രശ്നം. കാലാവസ്ഥാ വ്യതിയാനവും ഉൽപാദനക്കുറവും മറ്റും താൽക്കാലിക പ്രതിഭാസങ്ങൾ മാത്രം.

**ഊഹക്കച്ചവടവും പൂഴ്ത്തിവെപ്പും**

ഐക്യ രാഷ്ട്ര സഭക്ക് കീഴിലുള്ള യുണൈറ്റഡ് നാഷൻസ് കോൺഫറൻസ് ഓൺ ട്രേഡ് ആന്റ് ഡവലപ്മെന്റ് (UNCTAD) കഴിഞ്ഞ വർഷം പുറത്തിറക്കിയ വേൾഡ് ഇൻവെസ്റ്റ്മെന്റ് റിപ്പോർട്ടിൽ വില വർധനയുടെ പിന്നിലെ പ്രധാന കാരണം ഊഹക്കച്ചവടമാണ് എന്ന് കണ്ടെത്തുന്നുണ്ട്. ചോദന -പ്രദാന വിടവ് സ്വാഭാവികമായും ഇല്ലാത്ത സന്ദർഭത്തിൽ ഊഹക്കച്ചവടക്കാരും ബഹുരാഷ്ട്ര കുത്തകകളും വിപണിയിലിറങ്ങി സാധനങ്ങളുടെ, പ്രത്യേകിച്ചും കാർഷികോൽപന്നങ്ങളുടെ ലഭ്യതയെ നിയന്ത്രിച്ച് വില ഉയർത്തുകയാണ് എന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. ലോക തലത്തിൽ ഊഹക്കച്ചവടവും പൂഴ്ത്തിവെപ്പും വ്യാപാര രംഗത്ത് വർധിച്ചുവരികയാണ്. ഇന്ത്യൻ കമ്പോളവും ഇതിന്നപവാദമല്ല. ഈയിടെ ഉള്ളിയുടെ വില ക്രമാതീതമായി വർധിച്ചപ്പോൾ ഉൽപാദനകുറവിനൊപ്പം പൂഴ്ത്തിവെപ്പാണ് പ്രധാന കാരണമെന്ന് കേന്ദ്ര സർക്കാർ സമ്മതിക്കുകയുണ്ടായി. ഇത് നിയന്ത്രിക്കുന്നതിൽ സർക്കാർ സംവിധാനങ്ങൾ വിജയിക്കുന്നില്ല. ഇന്ത്യയിൽ വർധിച്ചുവരുന്ന ഊഹക്കച്ചവടത്തിന്റെ കണക്ക് ഫോർവേർഡ് മാർക്കറ്റ് കമീഷൻ ഓഫ് ഇന്ത്യ നൽകുന്നുണ്ട്. 2007 ജൂൺ മുതൽ 2009 ജൂൺ വരെയുള്ള കാലയളവിൽ മാത്രം അവശ്യ സാധനങ്ങളുടെ ഊഹക്കച്ചവടം 14 മടങ്ങ് വർധിച്ചതായി കമീഷൻ കണ്ടെത്തുന്നു. വില നാൾക്കുനാൾ വർധിച്ചാലേ ഊഹക്കച്ചവടക്കാർക്ക് നേട്ടമുണ്ടാക്കാനും ലാഭം വർധിപ്പിക്കാനും കഴിയൂ. അതിനാൽ വില വർധനക്കുള്ള പല വഴികൾ അവർ സ്വീകരിക്കുന്നു. 2007-ൽ അരി, ഗോതമ്പ് തുടങ്ങിയ അവശ്യ സാധ



പണപ്പെരുപ്പമാണ് വില വർധനവിന്റെ പ്രധാന കാരണമായി ചൂണ്ടിക്കാണിക്കുന്നത്. ജനങ്ങളുടെ കൈയിൽ പണത്തിന്റെ അളവ് വർധിക്കുകയും അതിനനുസരിച്ച് ഉൽപാദനം നടക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥയാണ് പണപ്പെരുപ്പം. സർക്കാർ കൂടുതൽ പണം വിപണിയിലിറക്കൽ, ഉൽപാദനച്ചെലവിലും കൂലിയിലുമുണ്ടാവുന്ന ക്രമാതീത വർധന, വിദേശ കടം തുടങ്ങിയവ പണപ്പെരുപ്പത്തിന് കാരണമാവും.

നങ്ങളുടെ അവധിവ്യാപാരം സർക്കാർ നിരോധിച്ചപ്പോൾ അവയുടെ വിലയിൽ 20 ശതമാനം കുറവ് വരികയുണ്ടായി. അവധിവ്യാപാരം വിലയെ എങ്ങനെ സ്വാധീനിക്കുന്നു എന്നറിയാൻ ഇതു മാത്രം മതി.

**പണപ്പെരുപ്പം**

പണപ്പെരുപ്പമാണ് വില വർധനവിന്റെ പ്രധാന കാരണമായി ചൂണ്ടിക്കാണിക്കുന്നത്. ജനങ്ങളുടെ കൈയിൽ പണത്തിന്റെ അളവ് വർധിക്കുകയും അതിനനുസരിച്ച് ഉൽപാദനം നടക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥയാണ് പണപ്പെരുപ്പം. സർക്കാർ കൂടുതൽ പണം വിപണിയിലിറക്കൽ, ഉൽപാദനച്ചെലവിലും കൂലിയിലുമുണ്ടാവുന്ന ക്രമാതീത വർധന, വിദേശകടം തുടങ്ങിയവ പണപ്പെരുപ്പത്തിന് കാരണമാവും. ജനങ്ങളുടെ കൈയിൽ കൂടുതൽ പണമുണ്ടാവുമ്പോൾ വിപണിയിൽ ഡിമാന്റ് വർധിക്കുന്നു. അതുവഴി വില ഉയരുന്നു. ജീവിതച്ചെലവ് കൂടുന്നു. സ്ഥിരവരുമാനക്കാർ ഉപഭോഗത്തിന് കൂടുതൽ ചെലവഴിക്കേണ്ടിവരുമ്പോൾ സമ്പാദ്യവും നിക്ഷേപവും കുറയുകയും വിപണിയിൽ അനിശ്ചിതത്വമുണ്ടാവുകയും ചെയ്യും. ഇന്ത്യയിൽ ഏറ്റവും കുറഞ്ഞ പണപ്പെരുപ്പ നിരക്ക് 2009 മെയ് 9-ന് അവസാനിച്ച ആഴ്ചയിലായിരുന്നു. 0.6 ശതമാനം. അതിനു ശേഷം ഉയർന്നുകൊണ്ടിരിക്കുന്ന പണപ്പെരുപ്പം ഇപ്പോൾ 8 ശതമാനത്തിന് മുകളിലാണ്. ഭക്ഷ്യവസ്തുക്കളുടെ വിലയിലാണ് വൻ വർധന. ഫെബ്രുവരി 3-ന് അവസാനിച്ച ആഴ്ചയിൽ 17 ശതമാനമാണ് ഭക്ഷ്യ വിലപ്പെരുപ്പം. തൊട്ടു മുൻപത്തെ ആഴ്ചയിൽ 15.57 ശതമാനമായിരുന്നു. സാധാരണ ജനങ്ങളെ കൂടുതൽ ബാധിക്കുന്നതും ഭക്ഷ്യവിലയിലുള്ള വൻ വർധനയാണ്. നിലവിലുള്ള കറൻസി സമ്പ്രദായമാണ് ഉയരുന്ന പണപ്പെരുപ്പത്തിനുള്ള മൂല കാരണം. ആധുനിക സമ്പദ്‌വ്യവസ്ഥകളുടെ പ്രധാന ഭീഷണിയും ഇതുതന്നെ. സ്ഥിര വിനിമയ നിരക്ക് നിലനിർത്താൻ കഴിയുന്ന പണസമ്പ്രദായത്തിലേക്ക് മാറാനായാലേ പണപ്പെരുപ്പം നിയന്ത്രിച്ചു നിർത്താനാവൂ. എന്നാൽ അങ്ങനെ ഒരു ചിന്ത ആധുനിക സാമ്പത്തിക വിദഗ്ധർക്കോ രാഷ്ട്രങ്ങൾക്കോ ഏതായാലുമില്ല. അതിനുള്ള വഴി കണ്ടെത്താനായിട്ടില്ല എന്നതാണ് കാരണം. നിലവിലുള്ള വ്യവസ്ഥയനുസരിച്ച് എങ്ങനെ കൂടുതൽ സാമ്പത്തിക നേട്ടം കൊയ്യാം എന്നാണ് വ്യവസ്ഥയെ നിയന്ത്രിക്കുന്ന സമ്പന്ന വർഗം ചിന്തിക്കുന്നത്. അതിനാലാണ് ചെറിയ തോതിലുള്ള പണപ്പെരുപ്പം സമ്പദ്‌വ്യവസ്ഥക്ക് ഗുണമാണ് എന്ന തത്ത്വം പ്രചരിപ്പിച്ചത്. വിഭവങ്ങൾ കൈയിലുള്ളവർക്ക് ഉയർന്ന വിലക്ക് വിൽക്കാം. അതുവഴി നേട്ടം കൊയ്യാം. എന്നാൽ ഒന്നും കൈയിലില്ലാത്തവർക്ക് ഉയർന്ന വില നൽകി വാങ്ങേണ്ടിയും വരുന്നു.

**രാജ്യത്ത് പെട്രോളിയം ഉൽപന്നങ്ങളുടെ വില ക്രമാതീതമായി ഉയരുന്നത് ഉൽപാദന ചെലവ് വർധിപ്പിക്കുകയും അതുവഴി വില ഉയരാനിടയാക്കുകയും ചെയ്യും. 2010 ജൂൺ മാസം മുതൽ പെട്രോളിന്റെ വില നിയന്ത്രണത്തിൽ നിന്ന് സർക്കാർ പിൻമാറിയിരുന്നു. അതിനു ശേഷം ഏഴു തവണയായി 10-ലേറെ രൂപ പെട്രോളിനു വില വർധിച്ചു.**



**പലിശവ്യവസ്ഥ**

പലിശ പണപ്പെരുപ്പത്തിന്റെ പ്രധാന കാരണം തന്നെയാണ്. ഉൽപാദനം നടക്കാതെ പണത്തിനു മേൽ അധികമായി വരുന്ന ബാധ്യതയാണ് പലിശ. ഇത് ഉൽപാദനത്തിന്റെ പിൻബലമില്ലാതെ പണം വർധിപ്പിക്കും. അതുവഴി പണപ്പെരുപ്പം സൃഷ്ടിക്കും. നിലവിലുള്ള പണവ്യവസ്ഥയും പലിശസമ്പ്രദായവും അഴിച്ചുപണിയാതെ പണപ്പെരുപ്പത്തിൽനിന്ന് തലയൂരാനാവില്ല.

**സമാന്തര സമ്പദ്‌വ്യവസ്ഥ**

യഥാർഥ ക്രയവിക്രയമോ വരുമാന കണക്കോ സർക്കാറിനു സമർപ്പിക്കാത്ത ഉൽപാദന വിനിമയ മേഖലയാണ് സമാന്തര കമ്പോളം. 1950-ൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ 3 ശതമാനമായിരുന്നു ഇതെങ്കിൽ ഇപ്പോൾ 50 ശതമാനമായി ഉയർന്നതായി സാമ്പത്തിക വിദഗ്ധർ പറയുന്നു. ഐ.എം.എഫിന്റെ കണക്കനുസരിച്ച് 2.85 ട്രില്യൻ ഡോളറാണ് ലോകത്തൊന്നാകെ സമാന്തര കമ്പോളത്തിൽ ഒരു വർഷം ക്രയവിക്രയം ചെയ്യുന്നത്. ഇന്ത്യയിൽ ഇതിന്റെ തോത് താരതമ്യേന കൂടുതലാണ്. ആയുധങ്ങൾ, മയക്കുമരുന്നുകൾ, കറൻസി തുടങ്ങിയവയാണ് അന്താരാഷ്ട്ര തലത്തിൽ കൂടുതൽ കൈമാറ്റം ചെയ്യപ്പെടുന്നത്. എന്നാൽ ഇന്ത്യയിൽ സർവമേഖലയിലും ഇത് കാണാം. ഉയർന്ന നികുതി നിരക്ക്, സർക്കാറിൽ കണക്ക് നൽകുന്നതുകൊണ്ടുള്ള

പ്രശ്നങ്ങൾ, വിശ്വാസമില്ലായ്മ, അഴിമതി, കരിഞ്ചന്ത തുടങ്ങിയവാണ് സമാന്തര സമ്പദ്‌വ്യവസ്ഥയിലേക്ക് നയിക്കുന്നത്. ഇന്ത്യയിൽ ചില വർഷങ്ങളിൽ മൊത്തം ദേശീയോൽപന്നത്തിന്റെ വളർച്ചാ നിരക്കിനേക്കാൾ കൂടുതലാണ് സമാന്തര സമ്പദ്‌വ്യവസ്ഥയുടെ വളർച്ച എന്ന് കണക്കുകൾ ഉദ്ധരിച്ച് സാമ്പത്തിക വിദഗ്ധർ നിരീക്ഷിക്കുന്നു. ഈ മേഖലയിലുള്ള വിലയും വിലവർധനയും നിയന്ത്രിക്കുന്നതിൽ സർക്കാർ പരാജയപ്പെടും എന്നതിൽ സംശയമില്ല.

### ഹവാല ഇടപാടുകൾ

ഇതോട് ചേർത്ത് പറയേണ്ടതാണ് വർധിച്ചുവരുന്ന ഹവാല ഇടപാടുകൾ. വിദേശത്തുനിന്ന് നാട്ടിലേക്ക് വരുന്ന പണമോ രാഷ്ട്രത്തിനകത്തു തന്നെയുള്ള പണ ഇടപാടുകളോ സർക്കാർ അറിയാതെ കൈമാറുന്ന രീതിയാണ് ഹവാല. ബാങ്കുകളോ ധനകാര്യ സ്ഥാപനങ്ങളോ വഴി വിനിമയം നടത്തുന്നതിനു പകരം ഈ സേവനം ചെയ്യുന്ന വ്യക്തികളിലൂടെയോ സമാന്തര സ്ഥാപനങ്ങളിലൂടെയോ ഇടപാട് നടത്തുന്നു. കള്ളപ്പണം എന്നാണ് നാമിതിന് പറയുക. ഇതുവഴി നികുതികളിൽ നിന്ന് രക്ഷപ്പെടാം. എന്നാൽ സമ്പദ്‌വ്യവസ്ഥയെ ഇത് പല രീതിയിൽ പരിക്കേൽപിക്കുന്നു. സാധനങ്ങളുടെ വില വർധിച്ച് പണപ്പെരുപ്പത്തിന് കാരണമാവും. സമ്പദ്‌വ്യവസ്ഥയുടെ നിയന്ത്രണം സർക്കാറിന് നഷ്ടപ്പെടും. നികുതികൾ ലഘൂകരിച്ച് നിയമപരമായ കൈമാറ്റം സുതാര്യമാക്കി കള്ളപ്പണത്തിന്റെ വ്യാപനം തടയാം.

### കുത്തകവത്കരണം

ഉൽപാദനമേഖലയിലെ കുത്തക രൂപവത്കരണം വില ഉയരാൻ മറ്റൊരു കാരണമാണ്. ഒരു വസ്തു ഉൽപാദിപ്പിക്കുന്ന എല്ലാ ഉൽപാദകരും ചേർന്ന് കുത്തകയാവുകയും (Cartel എന്നാണ് സാമ്പത്തിക ശാസ്ത്ര ഭാഷ്യം) വിലയും പ്രദാനവും നിയന്ത്രിക്കുകയും ചെയ്യുന്നു. സിമന്റ്, പഞ്ചസാര വ്യവസായ രംഗത്ത് ഇത് നിലനിൽക്കുന്നതായി നിരീക്ഷിക്കപ്പെടുന്നു. മത്സരം കൂടുമ്പോൾ ന്യായവിലക്ക് സാധനങ്ങൾ ലഭിക്കുന്നതിനു പകരം മുതലാളിത്ത താൽപര്യങ്ങൾ സംരക്ഷിക്കാനാണ് ഉൽപാദകരുടെ ശ്രമം. പല സാധനങ്ങളുടെയും വില ഉയർത്തുന്നത് ഉൽപാദകരുടെ ഈ ഐക്യ സംഘങ്ങളാണ്. ധാരാളം ഉൽപാദകരുണ്ടെങ്കിലും കുത്തകയുടെ ഫലമാണ് മാർക്കറ്റിലുണ്ടാവുക.

### പെട്രോളിയം വിലവർധന

രാജ്യത്ത് പെട്രോളിയം ഉൽപന്നങ്ങളുടെ വില ക്രമാതീതമായി ഉയരുന്നത് ഉൽപാദന ചെലവ് വർധിപ്പിക്കുകയും അതുവഴി വില ഉയരാനിടയാക്കുകയും ചെയ്യും. 2010 ജൂൺ മാസം മുതൽ പെട്രോളിന്റെ വില നിയന്ത്രണത്തിൽ നിന്ന് സർക്കാർ പിൻമാറിയിരുന്നു. അതിനു ശേഷം ഏഴു തവണയായി 10–ലേറെ രൂപ പെട്രോളിനു വില വർധിച്ചു. ഡീസലിന്റെയും വില നിയന്ത്രണം സമീപഭാവിയിൽ ഒഴിവാക്കുമെന്നാണ് ഭരണാധികാരികളും എണ്ണ കമ്പനികളും പറഞ്ഞുകൊണ്ടിരിക്കുന്നത്. അന്താരാഷ്ട്ര വിപണിയിൽ എണ്ണ വില ഉയരുന്നതാണ് വില വർധനവിന് കാരണമായി പറയുന്നത്. നമ്മുടെ അയൽ രാജ്യങ്ങളായ പാകിസ്താനിലും ബംഗ്ലാദേശിലും വില ഏതാണ്ട് പകുതിയേ വരൂ എന്നാണ് അറിയുന്നത്. യഥാർഥത്തിൽ പെട്രോളിന് ലിറ്ററിന് 30 രൂപയിൽ താഴെയേ ചെലവ് വരികയുള്ളൂ എന്ന് കണക്കുകൾ പറയുന്നു. ഒരു ബാരലിന് 90 രൂപയാണ് അന്താരാഷ്ട്ര വിപണി വില (1 ബാരൽ= 159 ലിറ്റർ, 1 ഡോളർ 45 രൂപ). പെട്രോളിന് നമ്മിൽ നിന്ന് ഈടാക്കുന്ന 30 രൂപയിലധികവും കേന്ദ്ര സംസ്ഥാന നികുതികളാണ്. ഡീസലിന് നൽകുന്ന സബ്സിഡിയേക്കാൾ കൂടുതൽ തുക നികുതിയായി ഈടാക്കുന്നുണ്ട് സർക്കാർ. വില വർധനയുടെ തോത് കുറക്കാൻ ഈ നികുതികൾ അൽപം കുറക്കാനെങ്കിലും സർക്കാറുകൾ തയാറാവാത്തതെന്താണ്? വില വർധിക്കുന്നതിനനുസരിച്ച് നികുതി സംഖ്യ കൂടിവരികയാണ് എന്നതും വിരോധാഭാസമല്ലേ?

### സർക്കാർ ചെയ്യേണ്ടതെന്ത്?

ചോദന–പ്രദാന വിടവല്ല, രാജ്യത്തിന്റെ സാമ്പത്തിക നയങ്ങളിലും സമീപനങ്ങളിലും വന്ന ഗണ്യമായ മാറ്റങ്ങളാണ് രാജ്യത്തെ ഗ്രസിച്ച വിലക്കയറ്റത്തിന് പ്രധാന കാരണം. ആത്യന്തികമായി ഇത് പരിഹരിക്കാൻ ലോകത്തിന്റെ സാമ്പത്തിക ക്രമം തന്നെ പൊളിച്ചെഴുതേണ്ടതുണ്ട്. സന്തുലിത വില നിലനിർത്താൻ സ്വകാര്യ കുത്തകകൾക്ക് പരമാധികാരം നൽകുന്ന സാമ്പത്തിക നയങ്ങൾ പൊളിച്ചെഴുതണം. സർക്കാർ ഇടപെടലോടു കൂടിയ കമ്പോളം നിലനിർത്തണം. എല്ലാവർക്കും ഭക്ഷ്യലഭ്യത ഉറപ്പുവരുത്തുന്ന രീതിയിൽ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കണം. അതിനായി ഭക്ഷ്യോൽപന്നങ്ങളുടെ ഉൽപാദനത്തിലും വിതരണത്തിലും സർക്കാർ നിയന്ത്രണം വേണം. കാർഷികമേഖല ആദായകരമാക്കുന്നതിന് ബഹുരാഷ്ട്ര കുത്തകകളെ ചുമതലപ്പെടുത്തുന്നതിനു പകരം അഞ്ചു വർഷം മുമ്പ് സമർപ്പിച്ച ദേശീയ കർഷക കമീഷൻ റിപ്പോർട്ട് നടപ്പാക്കണം. പൊതു–സ്വകാര്യ പങ്കാളിത്തത്തോടെയാണ് കാർഷികമേഖല വികസിപ്പിക്കേണ്ടത് എന്നതാണ് റിപ്പോർട്ടിലെ പ്രധാന നിർദേശം. കമ്പോളത്തിൽ കൃത്രിമത്വങ്ങൾ സൃഷ്ടിക്കുന്ന പൂഴ്ത്തിവെപ്പ്, ഊഹക്കച്ചവടം, അവധിവ്യാപാരം എന്നിവ പൂർണമായി നിരോധിക്കണം. ഈ പ്രതിഭാസങ്ങളാണ് സർക്കാറിന്റെ പങ്ക് കമ്പോളത്തിൽ അപ്രാപ്യമാക്കിയതും കുത്തകകൾക്ക് അവസരമൊരുക്കിയതും. അവശ്യ സാധനങ്ങളുടെ പൊതു വിതരണ ശൃംഖല കൂടുതൽ കാര്യക്ഷമമാക്കണം. ഇപ്പോൾ ഇവയുടെ പ്രവർത്തനം നാമമാത്രമാണ് എന്നത് വിലവർധനവിന്റെ പ്രധാന കാരണമാണ്. പെട്രോളിയം ഉൽപന്നങ്ങളുടെ നികുതി നിരക്ക് കുറച്ച് കൊണ്ടുവരണം. സമാന്തര സമ്പദ്‌വ്യവസ്ഥകളെ നിയന്ത്രിക്കാൻ കഴിയണം. ഇത്രയൊക്കെ നടപടികൾ സർക്കാർ ഭാഗത്തുനിന്നുണ്ടായാലേ വില വർധന നിയന്ത്രിക്കാനാവൂ. ■

mohdpalath@gmail.com